# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



## ജ്ഞാനിയായ ശലോമോൻരാജാവ്

എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ദാവീദ്‌രാജാവ് മഹാനായ
ഒരു പുരുഷനായിരുന്നു. ശൗലിന്റെ
ഭരണത്തെക്കാൾ ദാവീദിന്റെ വാഴ്ചാകാലത്ത്
...



... യിസ്രായേൽ പതിന്മടങ്ങ്
വിശാലമായിത്തീർന്നു. ഇപ്പോഴവന്
ഭരണം നടത്തുവാൻ കഴിയാതെയായി.
ദീവീദ്
വൃദ്ധനായി.



വളരെ ക്ഷീണിതനായി! അതൊടൊപ്പം രോഗവുമുണ്ട്! ഈ ഭൂമിയിലെ അവന്റെ ജീവിതം ഏകദേശം അവസാനിക്കാറായി.





ദാവീദിന്റെ
പുത്രന്മാരിൽ
ഒരുവനായ
അദോനീയാവ്
യിസ്രായേൽ
ജനതയോടു പറഞ്ഞു,
അടുത്ത രാജാവ്
താനാണ്.



“ദൈവം എന്റെ കർത്താവാകുന്നു” എന്നാണ് അവന്റെ പേരിന്റെ അർത്ഥമെങ്കിലും അദോനീയാവ് ഒരു നല്ല മനുഷ്യനായിരുന്നില്ല.



ദാവീദിന് തന്നെ
തടയാനുള്ള ബലമില്ല
എന്ന് അറിഞ്ഞുകൊണ്ട്
അവൻ സിംഹാസനം
തട്ടിയെടുക്കുവാൻ
ശ്രമിച്ചു. എന്നാൽ
ദൈവത്തിന് വേറെ
ചില പദ്ധതികൾ
ഉണ്ടായിരുന്നു.

തന്റെ മകനായ ശലോമോനാണ്
രാജാവാകേണ്ടതെന്ന്
ദാവീദിന്റെ ഭാര്യ
ബത്ശേബയ്ക്ക്
അറിയാമായിരുന്നു.
അദോനീയാവിന്റെ
പദ്ധതികളെക്കുറിച്ച്
അവൾ
ദാവീദിനോട്
പറഞ്ഞു.



സൗഖ്യമില്ലായിരുന്നുവെങ്കിലും
ദാവീദ് തന്റെ
നേതാക്കന്മാരെയെല്ലാം
വിളിച്ചുകൂട്ടിയിട്ട്
ശലോമോനെ
പരസ്യമായി
രാജാവായി
നിയമിച്ചു.



യിസ്രായേൽജനങ്ങൾ ദാവീദിനെ
വിശ്വസിച്ചതിനാൽ ശലോമോന്
അദോനീയാവുമായി പിന്നീടു
പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ല.



അവരുടെ രാജാവായി
ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്
ശലോമോനെയാണെന്ന് ദാവീദ് ജനങ്ങളോട്
പറഞ്ഞു. ദീർഘനാൾ കഴിയുംമുമ്പെ ദാവീദ്
മരണമടഞ്ഞു.





ഒരു നല്ല രാജാവായിരിക്കുന്നതിനെക്കുറിച്ചും ദൈവത്തെ അനുസരിക്കുന്നതിനെക്കുറിച്ചും ദാവീദ് മരിക്കുംമുമ്പെ ശലോമോനോട് പറഞ്ഞു. “നീ ചെയ്യുന്നതിലെല്ലാം നിനക്ക് വിജയം ലഭിക്കേണ്ടതിന് ദൈവത്തിന്റെ വഴികളിൽ നടക്കുക,” ദാവീദ് തന്റെ മകനോട് പറഞ്ഞു.



അതൊരു നല്ല
ഉപദേശമായിരുന്നു.
ശലോമോൻ
തന്റെ പിതാവായ
ദാവീദിന്റെ
സിംഹാസനത്തിൽ
ഇരുന്നു. അവന്റെ
രാജത്വം സ്ഥിരമായി.

ഒരു രാത്രിയിൽ ശലോമോൻ ഒരു സ്വപ്നം കണ്ടു. അവന്റെ സ്വപ്നത്തിൽ ദൈവം അവന് പ്രത്യക്ഷനായി പറഞ്ഞു:
“ചോദിച്ചുകൊള്ളുക ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണം?”



നിങ്ങളായിരുന്നുവെങ്കിൽ എന്തു ചോദിക്കുമായിരുന്നു?



ഒരു നല്ല രാജാവായിരിക്കുന്നതിനുവേണ്ടിയുള്ള ജ്ഞാനമാണ് ശലോമോൻ ചോദിച്ചത്.



യുവരാജാവിന്റെ അപേക്ഷയിൽ ദൈവം സംതൃപ്തനായി. ശലോമോൻ ചോദിച്ചത് ദൈവം അവന് കൊടുത്തു.

അതോടൊപ്പം മഹാധനവും മഹത്വവും ദൈവം അവന് വാഗ്ദത്തം ചെയ്തു.



ശലോമോന്റെ ജ്ഞാനം മനസ്സിലാക്കുവാൻ ജനങ്ങൾക്ക് അധികനാൾ വേണ്ടിവന്നില്ല.



ഒരു ദിവസം ഒരു കുഞ്ഞിനെയും കൊണ്ട് രണ്ട് അമ്മമാർ അവന്റെ അടുക്കൽ വന്നു. “ഈ സ്ത്രീയുടെ മകൻ രാത്രിയിൽ മരിച്ചുപോയി.



അവൾ മരിച്ച കുഞ്ഞിനെ എന്റെ അടുക്കൽ കിടത്തിയിട്ട് ജീവനുള്ള എന്റെ കുഞ്ഞിനെ അവളുടെയടുത്ത് കിടത്തി,” ഒരു സ്ത്രീ പരാതിപ്പെട്ടു. മറ്റേ സ്ത്രീ പറഞ്ഞു. “അങ്ങനെയല്ല, ജീവനുള്ളത് ‘എന്റെ’ കുഞ്ഞ് മരിച്ചത് നിന്റെ കുഞ്ഞ്.” ജീവനുള്ള കുഞ്ഞിന്റെ അമ്മ ഏതെന്ന് രാജാവ് എങ്ങനെ പറയും?

രാജാവ് പറഞ്ഞു: “ഒരു വാള് കൊണ്ടുവരിക.” അവർ ഒരു വാൾ രാജാവിന് കൊടുത്തു. ആ വാളുകൊണ്ട് രാജാവ് എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് താങ്കൾക്ക് ഊഹിക്കാമോ?



എന്നിട്ട് രാജാവ് പറഞ്ഞു: “ജീവനുള്ള കുഞ്ഞിനെ രണ്ടായി പിളർക്കുക. പാതി ഒരുത്തിക്കും പാതി മറ്റേവൾക്കും കൊടുക്കുക.”



ഉടനെ ജീവനുള്ള കുഞ്ഞിന്റെ അമ്മ പറഞ്ഞു: “അയ്യോ! എന്റെ തമ്പുരാനേ, ജീവനുള്ള കുഞ്ഞിനെ കൊല്ലരുതേ; അതിനെ അവൾക്ക് കൊടുത്തേക്ക്.”



മറ്റേവളോ, “എനിക്കും വേണ്ടാ, നിനക്കും വേണ്ടാ, അതിനെ പിളർക്കട്ടെ,” എന്നു പറഞ്ഞു.





ഉടനെ രാജാവ് പറഞ്ഞു:
“ജീവനുള്ള കുഞ്ഞിനെ
ആദ്യത്തെ സ്ത്രീക്ക്
കൊടുക്കുക. അവളാണ്
അമ്മ.” രാജാവിന്റെ ഈ
ന്യായവിധി എല്ലാ
യിസ്രായേലും കേട്ടു.

അവർ അവനെ
വളരെ ബഹുമാനിച്ചു.
ദൈവത്തിന്റെ ജ്ഞാനം
അവനിലുണ്ടെന്ന് അവർ
മനസ്സിലാക്കി.




ദൈവത്തെ ആരാധിക്കുവാൻ
ഇസ്രായേൽജനത്തിന് ഒരു
ദൈവാലയം ഇല്ലായിരുന്നു.
ദാവീദ് അത് പണിയുവാൻ
തുടങ്ങിയപ്പോൾ
ദൈവം
പറഞ്ഞിരുന്നു:



“നിന്റെ മകൻ
എന്റെ നാമത്തിനുവേണ്ടി
ഒരു ഭവനം പണിയും.”
അതുകൊണ്ട്
മനോഹരമായയൊരു
ദൈവാലയം
ശലോമോൻ
യെരൂശലേമിൽ
പണിയുവാൻ തുടങ്ങി.



ദൈവാലയം
പണിയുവാൻ നീണ്ട
ഏഴു വർഷങ്ങൾ
എടുത്തു. അങ്ങനെ
ആ മഹത്തായ ദിനം
വന്നു.

അന്ന് ശലോമോൻ
ദൈവാലയം യഹോവയ്ക്ക്
സമർപ്പിക്കുന്നതിന് ...


...സാക്ഷികളാകുവാൻ
എല്ലാവരും അവിടെ
കൂടിവന്നു.
സുദീർഘമായ
ഒരു
പ്രാർത്ഥനയ്ക്കുശേഷം
രാജാവും ജനങ്ങളും ...


... ആയിരക്കണക്കിന്
മൃഗങ്ങളെ
യാഗമർപ്പിച്ചു.
എന്നിട്ട്
രണ്ടാഴ്ച
നീണ്ടുനിന്ന
ഉത്സവം
ആചരിച്ചു!

ഇതിനുശേഷം
വീണ്ടും ദൈവം
ശലോമോന്
പ്രത്യക്ഷപ്പെട്ടു.



യഹോവയെ അവർ
അനുസരിക്കുന്നേടത്തോളം
ഇസ്രായേലിനെയും
അവനെയും ദൈവം
അനുഗ്രഹിക്കുമെന്ന്
വാഗ്ദത്തം ചെയ്തു.

ദുഃഖകരമെന്നു പറയട്ടെ,
ശലോമോനോകട്ടെ ഇസ്രായേൽ
ജനമാകട്ടെ, എല്ലായ്പ്പോഴും
ദൈവത്തെ അനുസരിച്ചില്ല.
ദൈവത്തിന് ഇഷ്ടമില്ലാതിരുന്നിട്ടും
ശലോമോൻ അനവധി
സ്ത്രീകളെ വിവാഹം
ചെയ്തു.



അദ്ദേഹത്തിന്റെ ജാതീയരായ ഭാര്യമാർ അദ്ദേഹത്തിന്റെ ഹൃദയത്തെ വിഗ്രഹങ്ങളിലേക്ക് തിരിച്ചു. തന്റെ പിതാവായ ദാവീദിനെപ്പോലെ അദ്ദേഹത്തിന്റെ ഹൃദയം യഹോവയോട് ഏകാഗ്രമായിരുന്നില്ല.



ദൈവത്തെ അനുസരിക്കുവാനുള്ള തന്റെ അവസരം ശലോമോൻ പാഴാക്കിക്കളഞ്ഞു. തന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരുവനായ യെരോബെയാമിന് വിചിത്രമായ ഒരു അനുഭവം ഉണ്ടായി.



ശലോമോന്റെ രാജ്യം ദൈവം രണ്ടായി
വിഭജിക്കുകയും പത്ത് ഗോത്രങ്ങളെ
യെരോബയാം ഭരിക്കുകയും
ചെയ്യുമെന്ന് ഒരു
പ്രവാചകൻ അവനോട്
പറഞ്ഞു.



ഉടനെതന്നെ യെരോബയാം ഈജിപ്റ്റിലേക്ക് രക്ഷപ്പെട്ടു. താമസിച്ചിരുന്നുവെങ്കിൽ ശലോമോൻ തന്നെ കൊല്ലുമായിരുന്നുവെന്ന് അവനറിയാമായിരുന്നു.





അവസാനം

ശലോമോൻ മരിച്ചു.

ശലോമോൻ

ഈടാക്കിയതിലും

അധികം കഠിനമായ

നികുതി അവന്റെ

മകനായ

രെഹബെയാം

ജനങ്ങളുടെമേൽ

ചുമത്തി.



പത്ത്
ഗോത്രങ്ങൾ മത്സരിച്ച്
യെരോബെയാമിനെ
അവരുടെ നേതാവായി
തിരഞ്ഞെടുത്തു.
ദൈവത്തിന്റെ
പ്രവാചകൻ
പറഞ്ഞതുപോലെ
തന്നെ
ശലോമോന്റെ ...



... മഹാരാജ്യം രണ്ടായി
വിഭജിക്കപ്പെട്ടു.
ദൈവത്തിന്
അനുസരണക്കേടിനെ
അനുഗ്രഹിക്കാനാവില്ല.

ജ്ഞാനിയായ ശലോമോൻരാജാവ്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 രാജാക്കന്മാർ 1–12

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക്  വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ  ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക്
വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ
മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട്
സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16